# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂലായ് 10-ാം തീയതി ബുധനാഴ്ച

(ആകെ ചോദ്യങ്ങൾ -13)

**(401) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദേശ സർവ്വകലാശാലകളിൽ ഉന്നത വിദ്യാഭ്യാസത്തിനയയ്ക്കുന്ന നടപടി**
**(402) നാഷണൽ ഹൈഡ്രോളജി പ്രോജക്ട്**
**(403) ടൂറിസ്റ്റുകൾക്ക് ആയുർവേദ-പ്രകൃതിചികത്സാ സൗകര്യങ്ങൾ നൽകുന്നതിന് ഹെൽത്ത് റിസോർട്ടുകൾ ആരംഭിക്കുവാൻ നടപടി**
**(404) വാട്ടർ കണക്ഷൻ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി**
**(405) ടൂറിസം മേഖലയിൽ പുതിയ നിക്ഷേപം ആകർഷിക്കുന്നതിന് നടപടികൾ**
**(406) കൊടുങ്ങല്ലൂരിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് മാനേജ്മെന്റിന്റെ പ്രവർത്തനം**
**(407) കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ നിരക്ക് വിശ്ചയിക്കാനുള്ള നടപടി**
**(408) ഫീഷറീസ് വകുപ്പ് നേരിട്ട് നടത്തുന്ന ആഴക്കടൽ മത്സ്യബന്ധനം**
**(409) ഗ്രമീണ കുടിവെള്ള വിതരണം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ**
**(410) കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ പുതിയ വൈദ്യുതിനിരക്ക് കൊണ്ടുവരാൻ നടപടി**
**(411) പുഴകൾ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ**
**(412) സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഇക്കോ-ടൂറിസം പദ്ധതികൾ**
**(413) വള്ളംകളി പ്രോത്സാഹിപ്പിക്കാൻ നടപടി**

### പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദേശ സർവ്വകലാശാലകളിൽ ഉന്നത വിദ്യാഭ്യാസത്തിനയയ്ക്കുന്ന നടപടി

401. ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ഉന്നത വിദ്യഭ്യാസം ലക്ഷ്യമാക്കി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിന് മുൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദേശ സർവ്വകലാശാലകളിൽ അയച്ച് ഉന്നത വിദ്യാഭ്യാസം നടത്താൻ നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(ഡി) എങ്കിൽ എന്നുമുലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിതുടങ്ങിയതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിനായി സാമ്പത്തികസഹായം നൽകിവരുന്നുണ്ടോ; എങ്കിൽ എന്നു മുതൽ; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) വിദേശ സർവ്വകലാശാലകളിലെ ഉന്നത വിദ്യാഭ്യാസത്തിനായി ഇതിനകം എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകിയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ഡോ. എം. എ. കുട്ടപ്പൻ (പിന്നോക്ക- പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി):-**

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസം ലക്ഷ്യമാക്കി ചുവടെപറയുന്ന പുതിയ പദ്ധതികൾ ആവിഷക്കരിച്ച് നടപ്പിലാക്കുവാൻ നടപടി നടത്തിവരുന്നു.

1. സെന്റർ ഓഫ് എക്സലൻസ്

ബയോടെക്നോളജി, മാനേജ്മെന്റ് സയൻസ് ഇതര നൂതന ശാസ്ത്രവിഷയങ്ങൾ ഇവയിൽ ഉന്നത പഠനത്തിലും ഗവേഷണത്തിലും പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് മതിയായ അവസരങ്ങളും പ്രോത്സാഹനവും ലക്ഷ്യമാക്കുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന ഒരു സ്ഥാനം കോഴിക്കോട് ഐ.ഐ.എം. ന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ

നടപ്പുവർഷ ചെലവുകൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 2002–2003 വർഷത്തിൽ 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുക്കുന്നു.

2. <u>ഐ.റ്റി. മേഖലയിലും നൂതന ഹൈടെക് മേഖലകളിലും പഠനവും പരിശീലനവും</u>

ഐ.ഐ.എം. ഐ.ഐ.റ്റി.ആർ.ഇസി., ഐഐ.എസ്. ബേവേഴ്സ് ലേബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ ഉൾപ്പെടെയുള്ള ഉന്നതനിലവാരം പുലർത്തുന്ന സ്ഥാപനങ്ങളിൽ പഠനത്തിന് അവസരം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാ ചെലവും നൽകുന്നതിനും ഇത്തരത്തിലുള്ള കോഴ്സുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭ്യാമാക്കുന്നതിന് ആവശ്യമായ എൻട്രൻസ് പരിശീലനം നൽകുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. പ്രാദേശികമായി ലഭ്യമായിട്ടുള്ള അംഗീകൃത സ്വകാര്യസ്ഥാപനങ്ങൾ വഴി കംപ്യൂട്ടറിൽ ഉന്നത വിദ്യാഭ്യാസം നൽകുന്നതിനും പദ്ധതി നടപ്പിലാക്കുന്നതാണ്.

3. <u>വിദേശ സർവ്വകലാശാലകളിൽ വിദ്യാഭ്യാസത്തിന് വായ്പ</u>

ഈ പദ്ധതി പ്രകാരം വിദേശ സർവ്വകലാശാലകളിൽ ഉന്നത വിദ്യഭ്യാസത്തിന് വായ്പയും സബ്സിഡിയും ഉൾപ്പെടെ 15 ലക്ഷം രൂപ വരെ ഒരു വിദ്യാർത്ഥിക്ക് ലഭ്യാമാക്കുന്നതിനുള്ള ഒരു പദ്ധതിയും പട്ടികജാതി/വർഗ്ഗ വികസന കോർപ്പറേഷനൻ വഴി നടപ്പു വർഷം മുതൽ നടപ്പിലാക്കുന്നതാണ്. ഇതിനായി 50 ലക്ഷം രൂപ വിദ്യാർത്ഥികൾക്ക് സബ്സിഡിയിനത്തിൽ നൽകുന്നതിനായി ബഡ്റ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ താഴെ പറയുന്നു.

1. മുൻ സർക്കാരിന്റെ കാലത്ത് കംപ്യൂട്ടർ സയൻസിൽ പ്രാദേശിക സർക്കാർ സ്ഥാപനങ്ങളൾ വഴി പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനത്തിന് സഹായം നൽകുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു. 2001–2002 വർഷം മുതൽ 720 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്.
2. പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠനത്തിന് ആവശ്യമായ ചെലവുകൾ വഹിക്കുന്നതിനായി 1.5 ലക്ഷം രൂപവരെ പട്ടികജാതി വികസന വകുപ്പിൽ നിന്നും പലിശരഹിതവായ്പയായി നൽകുന്നതിന്. 68–99 അർഹരായ അപേക്ഷകരില്ലാത്തതിനാൽ ഈ ഇനത്തിൽ വായ്പ നൽകിയിട്ടില്ല.
3. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് വായ്പയായി സംസ്ഥാനത്തിനുള്ളിൽ 50,000/– രൂപയും ഇൻഡ്യയ്ക്കുള്ളിൽ 1 ലക്ഷം വരെയു വിദേശ സർവ്വകലാശാലകളിൽ പഠനത്തിന് 10 ലക്ഷ രൂപ വരെയും അനുവദിച്ചുവരുന്നുണ്ട്.

(സി) പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികളെ വിദേശ സർവ്വകലാശാലകളിൽ അയ്ക്കുന്നതിന് വകുപ്പിൽ പ്രത്യേക പദ്ധതികൾ നിലവിലില്ല. എന്നാൽ അംഗീകൃത വിദേശ സർവ്വകലാശാലകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മുകളിൽ വിവരിച്ച പ്രകാരം ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്.

(ഡി) അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 98–99 വർഷം മുതൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും പട്ടികജാതി/വർഗ്ഗ വികസന കോർപ്പറേഷനിൽ മുകളൽ പറഞ്ഞ പ്രകാരമുള്ള സഹായ പരിപാടികൾ നിലവിലുണ്ട്.

(ഇ) അർഹരായ അപേക്ഷകരില്ലാത്തതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുകൂല്യം നൽകിയിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും 99–2000 മുതൽ വായ്പ അനുവദിച്ചു വരുന്നുണ്ട്. പരമാവധി വായ്പ തുക 10 ലക്ഷം രൂപയാണ്. ഈ തുക കോർപ്പറേഷൻ ഷെയർ കാപ്പിറ്റലിൽ നിന്നുമാണ് നൽകുന്നത്. ഈ തുക 60 മാസ ഗഡുകളായി തിരിച്ചടക്കണം.

(എഫ്) ഈ പദ്ധതി പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പേറേഷൻ വഴി 2 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

## <u>നാഷണൽ ഹൈഡ്രോളജി പ്രോജക്ട്</u>

402. ശ്രീ. പി. എസ്. സുപാൽ :

ശ്രീ. ബിനോയ് വിശ്വം :

ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ വകുപ്പ് നാഷണൽ ഹൈഡ്രോളജി പ്രോജക്ട് അരംഭിച്ചത് എന്നാണ്;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുക ലോകബാങ്ക് അനുവദിച്ചിരുന്നു; എത്ര കാലം കൊണ്ട് പദ്ധതി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ഡി) ഇതുമായി ബന്ധപ്പെട്ട് കോടിക്കണക്കിനു രൂപയുടെ ഉപകരണങ്ങൾ ഉപയോഗശൂന്യമായിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. ടി. എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി):-**

(എ) 1996-97 സാംപത്തിക വർഷത്തിലാണ് ആരംഭിച്ചത്

(ബി) ഭൂഗർഭജലത്തിന്റെയും ഭൂതല ജലത്തിന്റെയും ലഭ്യതയും അളവിന്റെ വ്യതിയാനവും ഗുണമേന്മയും നിരീക്ഷിച്ച് ഒരു ഡാറ്റാബേസ് ഉണ്ടാക്കുകയും അതിലുള്ള ഡാറ്റാ അംഗീകൃത ഉപഭോക്താക്കൾക്ക് നൽകുകയും ചെയ്യുക എന്നതാണ് നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ

(സി) പദ്ധതിയുടെ ആരംഭത്തിൽ ലോക ബാങ്കിന്റെ എസ്.എ.ആർ പ്രകാരം ആകെ 35,93,34,000 രൂപയാണ് അനുവദിച്ചത്. പക്ഷെ പുതുക്കിയ വകയിരുത്തൽ (മിഡ്റ്റേം റിവ്യു) പ്രകാരം 32,78,00,000 രൂപയായി കുറച്ചിരിക്കുകയാണ്. ആറു വർഷം കൊണ്ട് ആയത് 31-3-2003-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഭൂജലവകുപ്പിൽ ഡിജിറ്റൽ വാട്ടർ ലെവൽ റെക്കോർഡുകൾ പ്രവർത്തനരഹിതമായിരിക്കുകയാണെന്നുള്ള അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ട് ഗവൺമെന്റ് തലത്തിൽ പരിശോധിച്ചുവരികയാണ്.

(ഇ) 31-3-2003-ൽ അവസാനിക്കുന്ന ഈ പദ്ധതി ഇപ്പോൾ അതിന്റെ അവസാന ഘട്ടത്തിലാണ്. എല്ലാ ജില്ല ഓഫിസുകളിലും കംപ്യൂട്ടർ, ടെലിഫോൺ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. 440 പീസോമീറ്റർ കിണറുകൾ നിർമ്മിച്ച് 304 ആട്ടോമാറ്റിക് ഡിജിറ്റൽ വാട്ടർ ലെവൽ റെക്കാർഡുകൾ സ്ഥാപിച്ച് ഡാറ്റാ ശേഖരിച്ചുവരുന്നു. കാലാവസ്ഥയും മഴയും അളക്കാൻ 8 ഫുൾ ക്ളൈമാറ്റിക് സ്റ്റേഷനുകൾ സജ്ജമാക്കി ഡാറ്റാ ശേഖരിക്കുന്നു. ഹെഡ്ക്വാർട്ടേഴ്സ് കെട്ടിടം പണി ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഭൂജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ രണ്ട്, ലാബുകൾ പ്രവർത്തനം ആരംഭിച്ചു. കോഴിക്കോട്ടെ ലാബിന്റെ ഉപകരണങ്ങൾ സജ്ജീകരിച്ചു വരുന്നു. കൂടാതെ ഇപ്പോഴത്തെ പദ്ധതി എത്രയും വേഗം പൂർത്തിയാക്കാനും തുടർന്ന് ഒരു പുതിയ പ്രോജക്ട് കൂടി ലഭിക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

## ടൂറിസ്റ്റുകൾക്ക് ആയുർവേദ-പ്രകൃതിചികത്സാ സൗകര്യങ്ങൾ നൽകുന്നതിന് ഹെൽത്ത് റിസോർട്ടുകൾ ആരംഭിക്കുവാൻ നടപടി

403.. ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. എ. സി. ഷൺമുഖദാസ് :

ശ്രീ. കെ. പി. മോഹനൻ :

ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റുകൾക്ക് ആയുർവേദ-പ്രകൃതി ചികിത്സാ സൗകര്യങ്ങൾ നൽകുന്നതിന് ഹെൽത്ത് റിസോർട്ടുകൽ ആരംഭിക്കുവാൻ ടൂറിസം വകുപ്പിന്റെ പ്രത്യേക അനുവാദം വാങ്ങണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്നും ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കേന്ദ്രങ്ങൾക്ക് അംഗീകാരം അനുവദിച്ചിട്ടുണ്ടോന്നും വെളിപ്പെടുത്തുമോ;

(സി) ഇതുസംബന്ധിച്ച ഉത്തരവിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് എത്ര അപേക്ഷകൾ ഇതുവരെയായി ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര അപേക്ഷകൾ തിരസ്കരിക്കപ്പെട്ടുവെന്നും വെളിപ്പെടുത്താമോ?

**ഉത്തരം**

**പ്രൊഫസർ കെ. വി. തോമസ് (ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി):-**

(എ) (ബി) (സി) & (ഡി) ഇല്ല. എന്നാൽ ടൂറിസം കേന്ദ്രങ്ങളിലും അനുബന്ധ സ്ഥലങ്ങളിലും പ്രവർത്തിച്ചു വരുന്ന ആയുവേദ കേന്ദ്രങ്ങളിൽ ടൂറിസ്റ്റ്കൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രീൻ ലീഫ്, ഒലിവ് ലീഫ് എന്നീ പദവികൾ നൽകി ക്ലാസിഫൈ ചെയ്ത് അംഗീകാരം നൽകുന്ന ഒരു പുതിയ പദ്ധതി നിലവിലുണ്ട്. ഇതു സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്

## വാട്ടർ കണക്ഷൻ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

404. ശ്രീ. ഡോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക-ഗാർഹികേതര വാട്ടർ കണക്ഷന് അപേക്ഷ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും കണക്ഷൻ ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ ;

(സി) കാലതാമസം ഒഴിവാക്കാനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഏത് കാലയളവുവരെയുള്ള അപേക്ഷകർക്കാണ് നിലവിൽ വാട്ടർ കണക്ഷൻ നൽകിക്കൊണ്ടിരിക്കുന്നതെറിയിക്കാമോ?

**ഉത്തരം**

**ശ്രീ. ടി. എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി):-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശുദ്ധജലത്തിന്റെ ദൗർലഭ്യമാണ് പലകണക്ഷനുകളും നൽകുന്നതിന് തടസ്സമായി നിൽക്കുന്നത്. കൂടാതെ വർക്ക് ഓർഡർ നൽകി കഴിഞ്ഞാൽ ഉപഭോക്താക്കൾ പണികൾ തീർക്കാത്തതിലുള്ള കാലതാമസം, പി.ഡബ്ല്യൂ.ഡി., കോർപ്പറേഷൻ മുതലായ ഏജൻസികളുടെ റോഡ് വെട്ടിമുറിയ്ക്കുന്നതിനുള്ള അനുമതി ലഭിക്കാനുള്ള താമസം എന്നിവയും കാരണങ്ങളാണ്.

(സി) ബഡ്ജറ്റിന്റെയും, ഫണ്ടിന്റെയും ലഭ്യതയുസരിച്ച് നിലവിലുള്ള പദ്ധതികൾ വിപുലീകിരക്കുംപോഴും, നവീകരിക്കുമ്പോഴും, പുതിയ പദ്ധതികൾ പൂർത്തീകരിക്കുമ്പോഴും ആ പദ്ധതികളിൽ നിന്ന് കൂടുതൽ കണ്ക്ഷനുകൾ നൽകാറുണ്ട്. കൂടാതെ മറ്റ് ഏജൻസികളിൽ നിന്ന് റോഡ് വെട്ടിമുറിയ്ക്കാനുള്ള അനുമതി ലഭിക്കാൻ വേണ്ടി അവരുമായി നിരന്തരം ബന്ധപ്പെട്ടു കാലതാമസം ഒഴിവാക്കാൻ നടപടികൾ എടുക്കുന്നുണ്ട്. ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കണക്ഷനുകൾ നൽകാറുണ്ട്. ജലദൗർലഭ്യം അനുഭവിപ്പെടുന്ന പ്രദേശങ്ങളിൽ 1997 മുതലുള്ള അപേക്ഷകർക്ക് കണക്ഷൻ നൽകാനുണ്ട്.

(ഡി) ഓരോ പദ്ധതിയിലും ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യം അനുസരിച്ച് കണക്ഷൻ കൊടുക്കാൻ സാധിക്കുന്ന സമയം വ്യത്യാസം വരുന്നതാണ്. ഓരോ പദ്ധതിയിലും പരമാവധി കണക്ഷൻ കൊടുക്കുവാൻ നടപടികൾ എടുക്കുന്നുണ്ട്. ചില പദ്ധതികളിൽ ഉടൻ തന്നെ കണക്ഷൻ കൊടുക്കുവാൻ സാധിക്കാറുണ്ട്.

## ടൂറിസം മേഖലയിൽ പുതിയ നിക്ഷേപം ആകർഷിക്കുന്നതിന് നടപടികൾ

405. ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. സാജു പോൾ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ പുതിയ നിക്ഷേപം ആകർഷിക്കുന്നതിന് പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ടൂറിസം പദ്ധതികൾക്കാണ് ഇതിനകം കേരള സർക്കാരിന്റെ ധനകാര്യ സ്ഥാപനങ്ങളുമായി നിക്ഷേപകർ ധാരണാപത്രത്തിലൊപ്പുവച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ടൂറിസം ഗ്രാമങ്ങളുൾപ്പെടെ പുതിയ ടൂറിസം പദ്ധതികൾക്ക് അനുയോജ്യമായതായി കണ്ടെത്തിയ സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) പദ്ധതികൾക്ക് ആവശ്യമായ സ്ഥലങ്ങൾ ലാന്റ് അക്വിസിഷൻ നടപടികളിലൂടെ കണ്ടെത്തുവാനാണോ ഉദ്ദേശിക്കുന്നത്;

(ഇ) എറണാകുളം ജില്ലയിലെ കുമ്പളങ്ങി ദ്വീപ് കേന്ദ്രീകരിച്ച് ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിനായി എത്ര ഹെക്ടർ സ്ഥലം കണ്ടെത്തുകയുണ്ടായി;

(ജി) പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**ഉത്തരം**

**പ്രൊഫസർ കെ. വി. തോമസ് (ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി):-**

(എ) അന്തർ ദേശീയ ടൂറിസം ബോർഡ് ബെർലിൻ, വേൾഡ് ട്രാവൽ മാർട്ട് ലണ്ടൻ, അറേബിയൻ ട്രാവൽ മാർട്ട് ദുബായ് തുടങ്ങിയ അന്താരാഷ്ടമേളകളിൽ ടൂറിസം രംഗത്ത് മുതൽമുടക്കാനാഗ്രഹിക്കുന്നവരെ ക്ഷണിക്കുകയും ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യുന്നതാണ്.

ഒക്ടോബറിൽ കൊച്ചിയിൽ വച്ച് നടക്കുന്ന കേരളാ ട്രാവൽ മാർട്ടിൽ ഇത്തരത്തിൽ മുതൽ മുടക്കാനാഗ്രഹിക്കുന്ന നിക്ഷേപകരെ ഉൾപ്പെടുത്തിയിട്ടുള്ള ചർച്ചകളും, തീരുമാനങ്ങളും എടുക്കുന്നതാണ്. വാട്ടർ സ്പോർട്ട്സ് രംഗത്ത് വൻതോതിൽ മുതൽ മുടക്കാൻ പ്രേരകമാകുന്നതിനായി ഇന്ത്യാ ഗവൺമെന്റും, എൻ.ഐ.ഡബ്ല്യൂ.എസ്.-മായി ചേർന്നു കൊണ്ട് ടൂറിസം വകുപ്പ് ഒരു നാഷണൽ ബോട്ടു ഷോ കൊച്ചിൽ ഒക്ടോബർ ആദ്യവാരത്തിൽ സംഘിപ്പിക്കുന്നുണ്ട്. മലബാർ മേഖലയിൽ ടൂറിസം രംഗത്ത് വൻ മുതൽ മുടക്ക് സംഘടിപ്പിക്കുന്നതിന്റെ മുന്നോടിയായി ആഗസ്ററ് 9-ാം തീയതി മലബാർ ടൂറിസം ബോഡുമായി ചേർന്ന് ഒരു വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നതാണ്. ടൂറിസം രംഗത്ത സ്വകാര്യ മേഖലയെ പങ്കെടുപ്പിച്ച് ടൂറിസം വികസന പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമയി ബേക്കലിലും, വാഗമണിലും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന പദ്ധതികളും നിലവിലുണ്ട്. നവംബർ മാസത്തിൽ നടത്തപ്പെടുന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനുവേണ്ടി ടൂറിസം വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മോഡൽ ടൂറിസം പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി വരുന്നുണ്ട്.

സ്വകാര്യ നിക്ഷേപകരെ ആർഷിക്കുന്നതിന് ടൂറിസം വകുപ്പ് നൽകിവരുന്ന ഇളവുകളായ ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും ഇലക്ട്രിസ്റ്റി താരിഫുകളും തുടരുന്നുണ്ട്.

(ബി) ഇതിന്റെ ഭാഗമായി ഐ.ബി.പി.മായി ഒരു ധാരണ പത്രത്തിൽ ഒപ്പുവച്ചിട്ടണ്ട്.

(സി) സംസ്ഥാനത്തിൽ പ്രത്യേകമായി സ്ഥലം കണ്ടെത്തിയിട്ടില്ല. എങ്കിലും വാഗമൺ, കുമ്പളങ്ങി, മലബാറിലെ കായലോര പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഇപ്പോൾ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) സർക്കാർ വക ഭൂമികളാണ് ആദ്യഘട്ടമായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഇ) രൂപം നൽകിവരുന്നു.

(എഫ്) സ്ഥലം ഇതുവരെ ഒന്നു എടുത്തിട്ടില്ല.

(ജി) പദ്ധതി തയ്യാറാക്കി വരുന്നതേയുള്ളു.

**കൊടുങ്ങല്ലൂരിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് മാനേജ്മെന്റിന്റെ പ്രവർത്തനം**

406. ശ്രീ. എൻ.ഡി. അപ്പച്ചൻ:

ശ്രീ. ജോർജ്. ജെ. മാത്യു:

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. കെ. അച്ചുതൻ:

ശ്രീ. ഇ.എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കൊടുങ്ങല്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് മാനേജ്മെൻറിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുവാനുദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി):-**

(എ) പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെട്ടിടം പണി പൂർത്തിയാവുന്നതേയുള്ളു.

(ബി) ട്രെയിനിംഗ് സെന്ററിനെയും ഹോസ്റ്റലിന്റെയും നിമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇവയുടെ പണി പൂർത്തിയാകുന്ന മുറയ്ക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഈ സാമ്പത്തിക വർഷംതന്നെ പ്രവർത്തനം തുടങ്ങനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഫിഷറീസ് മേഖലയിലെ ഒരു സുപ്രധാന പരിശീലനകേന്ദ്രമായിരിക്കും ഇത്. മത്സ്യ വകുപ്പ് മത്സ്യഫെഡ്, മത്സ്യബോർഡ്, അഡാക്ക് ഫിർമ മുതലായ അനുബന്ധ

സ്ഥാപനങ്ങളിലേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിലേയും ഉദ്യോഗസ്ഥർക്ക് മത്സ്യ മേഖലയിലെ ഏറ്റവും നൂതന പരീക്ഷണ ഫലങ്ങളുടെ വെളിച്ചത്തിൽ അവബോധം സൃഷ്ടിക്കുന്ന തരത്തിൽ ഹ്രസ്വകാല പരിശീലന പരിപാടികൾ സെമിനാറുകൾ, ചർച്ചകൾ വർക്ക്ഷോപ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പരിശീലനത്തിനായി സിഫ് നെറ്റ്, സിഫ്റ്റ്, സി.എം.എഫ്, ആർ.ഐ. കേന്ദ്രകൃഷിമന്ത്രാലയം എന്നിവയുടെയും സഹകരണം ഉറപ്പു വരുത്തുന്നതാണ്.

## കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ നിരക്ക് വിശ്ചയിക്കാനുള്ള നടപടി

407. ശ്രീ. എൻ. രാജൻ:
ശ്രീ. ബിനോയ് വിശ്വം:
ശ്രീ. പി. നാരായണൻ:
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗാർഹിക വൈദ്യുത ഉപഭോക്താക്കൾക്ക് കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ പുതിയ നിരക്ക് കൊണ്ടുവരുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട ഉപഭോക്താക്കളിൽ നിന്ന് കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ ചാർജ്ജ് ഇടാക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിക്കുവാനുള്ള നടപടി ഗാർഹിക ഉപഭോക്താക്കളുടെ മേൽ കൂടുതൽ ഭാരം അടിച്ചേൽപ്പിക്കപ്പെടുമെന്നുള്ളതുകൊണ്ട് ആ നടപടി ഉപേക്ഷിക്കുവാനുള്ള നിർദ്ദേശം നൽകുമോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പു മന്ത്രി):-**

(എ) ഇല്ല.

(ബി) താഴെ പറയുന്ന ഉപഭോക്താക്കളിൽ നിന്നുംഇപ്പോൾ കണക്റ്റഡ് ലോഡിന്റെ അടിസ്ഥാനത്തിൽ ഫിക്സഡ് ചാർജ്ജ് ഈടാക്കുന്നുണ്ട്.

1. ഒറ്റ പോയിന്റിൽ സപ്ലൈ നൽകിയിട്ടുള്ള യൂണിവേഴ്സിറ്റികൾ, കേന്ദ്ര സംസ്ഥാന ഗവൺമെന്റ് സ്ഥപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കോളനികൾക്ക്.
2. എക്സിബിഷൻ, ഉത്സവം എന്നിവയ്ക്കുള്ള താത്ക്കാലിക കണക്ഷനുകൾ.
3. വ്യാവസായിക നിരക്കിൽ നൽകുന്ന വൈദ്യുതിക്ക്
4. കാർഷിക നിരക്കിൽ നൽകുന്ന വൈദ്യുതിക്ക്
5. ആരാധനാലയങ്ങൾ, സർക്കാർ ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക്.
6. കേന്ദ്ര/സംസ്ഥാന ഓഫീസുകൾ, സ്വകാര്യ ആശുപത്രികൾ മുതലായവയ്ക്ക്.
7. പൊതുമേഖലാ സ്ഥാപനങ്ങൾ, റെയിൽവേ, വിമാനത്താവളം എന്നിവയ്ക്ക്.
8. വാണിജ്യ സ്ഥാപനങ്ങൾ, ടെലിഫോൺ എക്സ്ചേഞ്ചുകൾ, ഹോട്ടലുകൾ തുടങ്ങിയവയ്ക്ക്.
9. സിനിമാ തീയേറ്റർ, സർക്കസ് എന്നിവയ്ക്ക്.
10. താത്ക്കാലിക എക്സ്റ്റെൻഷൻ സർവ്വീസുകൾക്ക്.

(സി) പ്രസക്തമല്ല

## ഫിഷറീസ് വകുപ്പ് നേരിട്ട് നടത്തുന്ന ആഴക്കടൽ മത്സ്യബന്ധനം

408. ശ്രീ. ജോർജ് ജെ. മാത്യു:
ശ്രീ. ടി.വി. ചന്ദ്രമോഹൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഫിഷറീസ് വകുപ്പ്നേരിട്ട് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) ഈ സംരംഭം വിജയപ്രദമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കൂടുതൽ സ്ഥലങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ;

(ഇ) ആഴക്കടൽ മത്സ്യബന്ധനത്തിന് എന്തെങ്കിലും വിധത്തിലുള്ള സഹായം ആരിൽ നിന്നെങ്കിലും കിട്ടുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം നൽകുമോ?

**ഉത്തരം**

**ശ്രീ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി):-**

(എ) ഇല്ല.

(ബി)ബാധകമല്ല.

(സി) ബാധകമല്ല

(ഡി) ബാധകമല്ല

(ഇ) ഇല്ല

(എഫ്) ബാധകമല്ല.

## ഗ്രമീണ കുടിവെള്ള വിതരണം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ

409. ഡോക്ടർ. തോമസ് ഐസക്:

ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ:

ശ്രീ. പി.സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗ്രാമീണ കുടിവെള്ള വിതരണം സംബന്ധിച്ച് കേന്ദ്ര സർക്കാർ ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച നിബന്ധനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പത്ത് ശതമാനം മൂലധനചെലവ് ഗുണഭോക്താക്കൾ വഹിക്കണമെന്നും തുടർന്നുള്ള പ്രവർത്തനത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും ഗുണഭോക്താക്കൾക്കായിരിക്കുമെന്നും ഉള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) കുടിവെള്ള വിതരണം സർക്കാരിന്റെ ഉത്തരവാദിത്വമായി നിലനിറുത്തുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്. നിബന്ധനകൾ താഴെ കൊടുത്തിരിക്കുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ പ്രദേശങ്ങൾക്ക് ശുദ്ധജല വിതരണത്തിന് മുൻഗണന നൽകുക, 40 എം.പി.സി.ഡി.യിൽ കുറഞ്ഞ ശുദ്ധജല വിതരണം ഉള്ള വാർഡുകളിൽ 40 എൽ.പി.സി.ഡി ശുദ്ധജലം എത്തിക്കുക, ഗ്രാമീണ സ്കൂളുകളിലും അംഗൻവാടികളിലും ശുദ്ധജലം എത്തിക്കുക, എല്ലാ വാർഡുകളിലും 40 എൽ.പി.സി.ഡി ശുദ്ധജല വിതരണം എത്തിയതിനുശേഷം മാനദണ്ഡങ്ങൾ ഉദാരമാക്കി പദ്ധതികൾ ആവിഷ്ക്കരിക്കുക അപ്രകാരം ശുദ്ധജല വിതരണത്തിന്റെ അളവുകൂട്ടുന്നതിലേക്ക് പദ്ധതി ചെലവിന്റെ 20%വും, ഒ ആന്റ് എം-ന്റെ പൂർണ്ണ ചുമതലയും ഗുണഭോക്താക്കൾ വഹിക്കുകയാണെങ്കിൽ കേന്ദ്രത്തിന്റെ അംഗീകാരത്തോടുകൂടി സംസ്ഥാന ഗവൺമെന്റിന് വ്യവസ്ഥയ്ക്ക് മാറ്റം വരുത്താവുന്നതാണ്. കേന്ദ്ര ഗവൺമെന്റ് വർഷംതോറും അനുവദിക്കുന്ന ഫണ്ടിൽ നിന്നും 25% പട്ടിക ജാതിക്കാർക്കും 10% പട്ടിക വർഗ്ഗക്കാർക്കുമായി കുടിവെള്ള വിതരണം നടത്തുന്നതിന് ചെലവഴിക്കേണ്ടതാണ്. ശ്രോതസ്സിന്റെ സംരക്ഷണം, ഗുണനിലവാരം ഉറപ്പു വരുത്തുക, തെരഞ്ഞെടുക്കുന്ന ജില്ലകളിൽ ജനപങ്കാളിത്തത്തോടെയുള്ള ഗ്രാമീണ ശുദ്ധജല വിതരണവും സാനിട്ടേഷൻ പദ്ധതികളും നടപ്പിലാക്കുക (സെക്ടർ റിഫോം പ്രോജക്ട്) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി ചെലവിന്റെ 10% ഗുണഭോക്താക്കൾ വഹിക്കേണ്ടതാണ്.

(ബി) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ നമുക്ക് ബാദ്ധ്യതയുണ്ട്

(ഡി) നിലവിൽ കുടിവെള്ള വിതരണം സർക്കാരിന്റെ ഉത്തരവാദിത്വത്തിലാണ് നടന്നു വരുന്നത്. ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ ഒ ആന്റ് എം പഞ്ചായത്ത്കളും ഉപഭോക്താക്കളും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ക്രമേണ ഏർപ്പെടുത്തേണ്ടതാണ്. വാട്ടർ ആതോറിട്ടിയുടെ കീഴിലുള്ള 1050 ഗ്രാമീണ പദ്ധതികൾ പഞ്ചായത്തുകളെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ലോകബാങ്ക്

സഹായത്തോടെ നാലു ജില്ലകളിൽ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും കേന്ദ്ര സഹായത്തോടെ സെക്ടർ റിഫോം പ്രോജക്ടിന്റെ കീഴിൽ രണ്ടു ജില്ലകളിൽ നടപ്പിലാക്കുന്ന ഗ്രാമീണ ചെറുകിട പദ്ധതികളും ജനകീയ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. ഇവയുടെ തുടർ പരിപാലനവും നടത്തിപ്പും ഗുണഭോക്താക്കളാണ് നിർവ്വഹിക്കേണ്ടത്.

**<u>കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ പുതിയ വൈദ്യുതിനിരക്ക് കൊണ്ടുവരാൻ നടപടി</u>**

410. ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ പുതിയ വൈദ്യുതിനിരക്ക് കൊണ്ടുവരാൻ വൈദ്യുതിബോർഡ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രതിവർഷം എത്രരൂപയുടെ വരുമാന വർദ്ധനവ് ഈ ഇനത്തിൽ ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഈ സംവിധാനം എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

**<u>ഉത്തരം</u>**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി):-**

(എ) ഇല്ല.

(ബി) യും (സി)യും: പ്രസക്തമല്ല.

**<u>പുഴകൾ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ</u>**

411. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
ശ്രീ. കെ.പി. രാജേന്ദ്രൻ:
ശ്രീ. പി. നാരായണൻ:
ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുതും വലുതുമായ പ്രധാനപ്പെട്ട പുഴകൾ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്;

(ബി) പുഴകളുടെ സംരക്ഷണത്തിനായി കേന്ദ്രസർക്കാരിൽ നിന്നും പ്രത്യേക ധനസഹായം ലഭിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണ് ഈ ധനസഹായം ലഭിച്ചിട്ടുള്ളത്;

(ഡി) ''ഗംഗാ ആക്ഷൻ പ്ളാൻ'' മാതൃകയിൽ കേരളത്തിലെ പ്രധാനപ്പെട്ട പുഴകൾ സംരക്ഷിക്കുവാനുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നതിന് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പുഴകളുടേയും നദികളുടേയും സംരക്ഷണത്തിന്റെ ഭാഗമായി സ്വകാര്യവ്യക്തികളുടെ സ്ഥലങ്ങളിൽ സൈഡ് കെട്ടി സംരക്ഷിക്കുന്നതിന് തടസ്സമുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി):-**

(എ) യും (ബി)യും (സി)യും: വെള്ളപ്പൊക്കമുണ്ടാകുന്ന നദികളുടെ സംരക്ഷണത്തിനായി ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിന്റെ ആദ്യപടിയായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി 20 സ്കീമുകൾ കണ്ടെത്തുകയും, പ്രോജക്ട് റിപ്പോർട്ട് കേന്ദ്രത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ അടങ്കൽ തുക 3278.75 ലക്ഷം രൂപയാണ്. കേന്ദ്രഗവൺമെന്റിന്റെ എക്സ്പെൻഡിച്ചർ ഫിനാൻസ് കമ്മിറ്റി ഈ സ്കീം അംഗീകരിച്ചതായും കേന്ദ്ര ജലവിഭവ മന്ത്രാലയത്തിൽ നിന്നും ഫുൾ പ്ളാനിംഗ് കമ്മഷനിലേക്ക് അയച്ചതായും അറിയിച്ചിട്ടുണ്ട്. ധനസഹായം അനുവദിച്ചുകൊണ്ട് കേന്ദ്രത്തിൽ നിന്നും അറിയിപ്പു ലഭിച്ചാൽ മാത്രമേ ഏതെല്ലാം പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയുവാൻ സാധിക്കുകയുള്ളു.

(ഡി) ഉണ്ട്.

(ഇ) പരാതികൾ ഉണ്ടാകുന്നതിനാൽ ഇപ്പോൾ സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ ഭിത്തികൾ നിർമ്മിക്കേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്.

(എഫ്) പൊതു താല്പര്യമുള്ള സ്കീമുകൾ മാത്രമേ സർക്കാരിന്റെ ധനസഹായത്തോടെ ഏറ്റെടുക്കാറുള്ളു.

## സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഇക്കോ-ടൂറിസം പദ്ധതികൾ

412. ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീ. സ്റ്റീഫൻ ജോർജ്:
ശ്രീ. മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ-ടൂറിസം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) സ്വകാര്യ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് ഇക്കോ-ടൂറിസം പദ്ധതികൾ നടപ്പാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ടോ;

(സി) ഇതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ താമസസൗകര്യം ഒരുക്കുന്നതിനും ഗതാഗത സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുമായി സ്വകാര്യനിക്ഷേപം തേടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ) പ്രകൃതിയിൽ അധിഷ്ഠിതമായതും, പരിസ്ഥിതി സന്തുലിതാവസ്ഥക്ക് കോട്ടം തട്ടാത്തതും വിദ്യാഭ്യാസ മൂല്യമുള്ളതും അതോടൊപ്പം തദ്ദേശവാസികൾക്ക് സാമ്പത്തികമായ നേട്ടം ഉണ്ടാക്കിക്കൊടുക്കുന്നതുമായ ടൂറിസം വികസന പ്രക്രിയയാണ് ഇക്കോ - ടൂറിസം.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) കേരളത്തിൽ വന്യജീവി സങ്കേതങ്ങൾ, മറ്റ് വനമേഖലകൾ, കണ്ണൽക്കാടുകൾ, വിവിധതരത്തിലുള്ള പ്ലാന്റേഷനുകൾ, പ്രകൃതിരമണീയമായ വെള്ളച്ചാട്ടങ്ങൾ, അഗ്രിക്കൾച്ചറൽ ഫാമുകൾ, ശുദ്ധജല തടാകങ്ങൾ, കാവുകൾ, കടലും പുഴയും ചേരുന്ന പ്രദേശങ്ങൾ, തുടങ്ങിയവയൊക്കെ ഇക്കോടൂറിസം വികസിപ്പിക്കന്നതിന് അനുയോജ്യമാണ്. വനവും വന്യജീവി സങ്കേതങ്ങളും ഒഴിച്ചുള്ള ഇക്കോടൂറിസ പദ്ധതികളിൽ സ്വകാര്യ പങ്കാളിത്വത്തിന് ലക്ഷ്യമിട്ടിട്ടുണ്ട്. വനമേഖലയിലെ ഇക്കോടൂറിസം പദ്ധതികളിൽ മാർക്കറ്റിംഗിൽ സ്വകാര്യപങ്കാളിത്തത്തിന് സാദ്ധ്യതകളുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ എല്ലാം തന്നെ താമസസൗകര്യവും ഗതാഗതസൗകര്യവും ഒരുക്കുന്നതിന് സ്വകാര്യനിക്ഷേപം അനിവാര്യമാണ്.

## വള്ളംകളി പ്രോത്സാഹിപ്പിക്കാൻ നടപടി

413. ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വള്ളംകളി പ്രോത്സാഹിപ്പിക്കുവാൻ ടൂറിസം വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ചുണ്ടൻവള്ളങ്ങൾ ഉൾപ്പെടെയുള്ള കളിവള്ളങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ജലോത്സവങ്ങൾക്ക് വാർഷിക ഗ്രാന്റ് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) നിലവിലുള്ള ഗ്രാന്റ് വർദ്ധിപ്പിച്ചുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**പ്രൊഫ:കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്തെ വള്ളംകളിയുടെ പ്രാധാന്യം കണക്കിലെടുത്ത് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിലേയ്ക്കായി വള്ളംകളിയുടെ വിശദവിവരങ്ങൾ അടങ്ങുന്ന പ്രത്യേക ബ്രോഷറുകൾ തന്നെ തയ്യാറാക്കി പ്രചരണം നടത്തിവരുന്നു.

കൂടാതെ സംസ്ഥാനത്ത് വള്ളംകളി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ വള്ളംകളികൾക്ക് ടൂറിസംവകുപ്പ് പ്രയോജകരാകുന്നു. കൂടാതെ നെഹ്റു ട്രോഫി പോലുള്ള പ്രശസ്തമായ വള്ളംകളി മത്സരങ്ങൾക്ക് കേന്ദ്രഗവൺമെന്റിൽനിന്ന് വകുപ്പ് മുൻകൈയെടുത്ത് ധനസഹായം ലഭ്യമാക്കുന്നുണ്ട്.

(ബി),(സി)(ഡി): സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്തുകൊണ്ട് ഒരു സ്കീമിന് രൂപം നൽകുന്നുണ്ട്.

****